ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 07.07.2025**

പ്രധാന വാർത്തകൾ

**TIME : 12.50 PM**

1. ആഗോളതലത്തിൽ സമാധാനവും സുരക്ഷയും ഉറപ്പാക്കാൻ ഇന്ത്യയുടെ നയങ്ങൾ പ്രധാന പങ്ക് വഹിക്കുന്നതായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.

   **Vice President Jagdeep Dhankhar says India's policies play a key role in ensuring global peace and security.**

2. ഭീകരവാദത്തിനെതിരെയുള്ള പോരാട്ടത്തിൽ ഒരു തരത്തിലുള്ള വിട്ടുവീഴ്ചയും സ്വീകരിക്കരുതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi said that there should be no compromise in the fight against terrorism.**

3. ഇന്ത്യയുടെ പ്രതിരോധ ബജറ്റ് പല രാജ്യങ്ങളുടെയും മൊത്ത ആഭ്യന്തര ഉൽപാദനത്തേക്കാൾ അധികമാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്.

   **India's defense budget is more than the GDP of many countries, says Defense Minister Rajnath Singh.**

4. ബ്രിക്സിന്റെ അമേരിക്കൻ വിരുദ്ധ നയങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്ന രാജ്യങ്ങൾക്ക് പത്ത് ശതമാനം അധിക തീരുവ ചുമത്തുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്.

**US President Donald Trump says that the countries aligning with anti-American policies of BRICS will be subject to an additional 10 percent tariff.**

5. ഏഷ്യൻ പാര അമ്പെയ്ത്ത് ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ ഹർവീന്ദര് സിങ്ങിന് ഇരട്ട സ്വർണം. വിംബിൾഡൺ ടെന്നിസ് പുരുഷ മിക്സഡ് ഡബിൾസിൽ യുകി ഭാംബ്രി – റോബർട്ട് ഗാലോവി സഖ്യം ഇന്നിറങ്ങും.

**Asian Para-Archery Championship, Indian archer Harvinder Singh, won two gold medals. In Wimbledon Tennis, India's Yuki Bhambri, alongside American partner Robert Galloway, will play in the third round of the men's doubles today**

&&&&&&&&&&&&&&&&

**HEADLINE-1**

**VICE PRESIDENT( INTRO)**

*ആഗോളതലത്തിൽ സമാധാനവും സുരക്ഷയും ഉറപ്പാക്കാൻ ഇന്ത്യയുടെ നയങ്ങൾ പ്രധാന പങ്ക് വഹിക്കുന്നതായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. കളമശ്ശേരിയിൽ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസിലെ അധ്യാപകരും വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു ഉപരാഷ്ട്രപതി.*

*(ഹോൾഡ് - വോയിസ്)*

***രാജ്യത്തിന്റെ ഭാവിക്ക് ഊർജ്ജം പകരുന്നത് യുവജനങ്ങളാണ്. ഇന്ത്യയെ മുന്നോട്ട് നയിക്കാൻ മികച്ച സംഭാവനകൾ നൽകിയ നിരവധി വ്യക്തിത്വങ്ങൾ കേരളത്തിൽ നിന്നുള്ളവരാണെന്നത് അഭിനന്ദനാർഹമാണെന്നും ഉപരാഷ്ട്രപതി പറഞ്ഞു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, മന്ത്രിമാരായ, ആർ ബിന്ദു, പി രാജീവ് തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.***

&&&&&&&&&&&&&&&&

**VP-GURUVAYUR**

അതേസമയം, ഉപരാഷ്ട്രപതിയുടെ ഗുരുവായൂർ ദർശനം തടസപ്പെട്ടു. മോശം കാലാവസ്ഥയെ തുടർന്ന് ഗുരുവായൂരിൽ ഹെലികോപ്റ്റർ ലാൻഡ് ചെയ്യാൻ കഴിയാതെ വന്നതോടെ അദ്ദേഹം കൊച്ചിയിലേക്ക് മടങ്ങുകയായിരുന്നു. കാലാവസ്ഥ അനുകൂലമായാൽ പിന്നീട് വീണ്ടും ദർശനത്തിനെത്തുമെന്നാണ് വിവരം.

&&&&&&&&&&&&&&&&

**HEADLINE-2**

## PM-BRICS

ഭീകരവാദത്തിനെതിരെയുള്ള പോരാട്ടത്തിൽ ഒരു തരത്തിലുള്ള വിട്ടു വീഴ്ചയും സ്വീകരിക്കരുതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ബ്രസീലിലെ റിയോ ഡി ജനീറോയിൽ ബ്രിക്സ് ഉച്ചകോടിയുടെ ഭാഗമായി നടന്ന സമാധാനവും സുരക്ഷയും എന്ന സെഷനിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മാനവികതയ്ക്കെതിരെ വളർന്ന് വരുന്ന ഏറ്റവും വലിയ ഭീഷണിയാണ് ഭീകരവാദമെന്നും പ്രധാനമന്ത്രി പറഞ്ഞു. 17-ാമത് ബ്രിക്സ് ഉച്ചകോടിയിൽ പഹൽഗാം ഭീകരാക്രമണത്തെ അപലപിച്ച് പ്രഖ്യാപനവും പുറത്തിറക്കി.

&&&&&&&&&&&&&&&&

**MEA BRICS**

അടുത്ത വർഷം ഇന്ത്യ ബ്രിക്സിന്റെ അധ്യക്ഷ സ്ഥാനം ഏറ്റെടുക്കുന്നതിനാൽ പ്രധാനമന്ത്രിയുടെ ബ്രസീൽ സന്ദർശനത്തിന്

പ്രാധാന്യം കൂടുതലാണെന്ന് സാമ്പത്തിക കാര്യ സെക്രട്ടറി ദമ്മു രവി. 21-ാം നൂറ്റാണ്ടിൻറെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഐക്യരാഷ്ട്ര സഭ ഉൾപ്പടെയുള്ള സംഘടനകളിൽ കാലാനുസൃതമായ പരിവർത്തനം ആവശ്യമാണെന്നും പ്രധാനമന്ത്രി ഉച്ചക്കോടിയിൽ ആവശ്യപ്പെട്ടതായി ശ്രീ. ദമ്മു രവി മാധ്യമങ്ങളോട് പറഞ്ഞു.

&&&&&&&&&&&&&&&&

**JAISHANKAR TALKS**

ബ്രസീലിൽ നടക്കുന്ന ബ്രിക്സ് ഉച്ചകോടിക്കിടെ വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഇറാനിയൻ വിദേശകാര്യ മന്ത്രി സെയ്ദ് അബ്ബാസ് അരഘ്ചിയുമായി കൂടിക്കാഴ്ച നടത്തി. സംഭാഷണത്തിൽ അടുത്തിടെയുണ്ടായ സംഘർഷങ്ങളെ കുറിച്ച് പരാമർശിച്ചതായി ശ്രീ ജയ്ശങ്കർ സമൂഹ മാധ്യമത്തിൽ കുറിച്ചു. റഷ്യൻ വിദേശകാര്യ മന്ത്രി സെർജി ലാവ്റോവുമായി പശ്ചിമേഷ്യയിലെ പ്രശ്നങ്ങൾ ഉൾപ്പടെയുള്ള വിഷയങ്ങളും ശ്രീ ജയ്ശങ്കർ ചർച്ച ചെയ്തു.

&&&&&&&&&&&&&&&&

**BIhar EC**

ബിഹാറിൽ വോട്ടർ പട്ടിക പരിഷ്കരിക്കാനുള്ള തിരഞ്ഞെടുപ്പ് കമ്മീഷന്റെ തീരുമാനത്തിനെതിരായ ഹർജികൾ സുപ്രീംകോടതി വ്യാഴാഴ്ച പരിഗണിക്കും. വോട്ടർ പട്ടികയുടെ അവലോകനരീതിയും സമയവും സംബന്ധിച്ച് കമ്മീഷന്റെ നീക്കത്തെ ചോദ്യം ചെയ്യുന്നതാണ് ഹർജികൾ. അതേസമയം, ബിഹാറിൽ വോട്ടർ പട്ടിക പരിഷ്കരണം വോട്ടർമാരുടെ പൂർണ്ണ സഹകരണത്തോടെ സുഗമമായി നടത്തിവരികയാണെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. അനർഹരെ വോട്ടർപട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിന്റെ ഭാഗമായി ജൂൺ 24-നാണ് വോട്ടർപട്ടിക പരിഷ്കരിക്കൽ പ്രക്രിയ തിരഞ്ഞെടുപ്പ് കമ്മിഷൻ പ്രഖ്യാപിച്ചത്.

&&&&&&&&&&&&&&&&

**RAJNATH - VIKRAM BATRA**

1999-ലെ കാർഗിൽ യുദ്ധത്തിൽ വീരമൃത്യു വരിച്ച ക്യാപ്റ്റൻ വിക്രം ബത്രയുടെ ചരമവാർഷികത്തിൽ രാഷ്ട്രം ഇന്ന് അദ്ദേഹത്തിന് ശ്രദ്ധാഞ്ജലി

അർപ്പിക്കുന്നു. അദ്ദേഹത്തിന്റെ സമാനതകളില്ലാത്ത ധീരതയും ത്യാഗവും രാഷ്ട്രസേവനത്തിന്റെ മഹത്തായ ഉദാഹരണമാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് സമൂഹ മാധ്യമത്തിൽ കുറിച്ചു. മരണാനന്തരം, ക്യാപ്റ്റൻ ബത്രയ്ക്ക് പരംവീർ ചക്ര നൽകി രാജ്യം ആദരിച്ചു.

&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

&&&&&&&&&&&&&&&&

## HEADLINE-3

**RAJNATH SINGH–CONTROLLERS CONFERENCE INTRO**

***ഇന്ത്യയുടെ പ്രതിരോധ ബജറ്റ് പല രാജ്യങ്ങളുടെയും മൊത്ത ആഭ്യന്തര ഉൽപാദനത്തേക്കാൾ അധികമാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. പ്രതിരോധ ബജറ്റിന്റെ മൂലധന ചെലവ് പൂർണ്ണമായും വിനിയോഗിക്കപ്പെടുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഡിഫൻസ് അക്കൗണ്ട്സ് ഡിപ്പാർട്ട്മെൻറ് ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന കൺട്രോളേഴ്സ് കോൺഫറൻസ് ഉദ്ഘാടനം ചെയ്യുകയായിരുന്നു രാജ്യരക്ഷാമന്ത്രി.***

***(ഹോൾഡ് - വോയിസ്)***

***പ്രതിരോധ വ്യവസായത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം എത്രയും വേഗം രാജ്യം കൈവരിക്കുമെന്നും ശ്രീ രാജ്നാഥ് സിംഗ് വ്യക്തമാക്കി.***

&&&&&&&&&&&&&&&&

**NIPAH**

നിപാ സാഹചര്യത്തിൽ മലപ്പുറം ജില്ലയിൽ കനത്ത ജാഗ്രത തുടരുന്നു. മക്കരപ്പറമ്പ്, കൂട്ടിലങ്ങാടി, കുറുവ, മങ്കട പഞ്ചായത്തുകളിലെ 20 വാർഡുകളാണ് കണ്ടെയ്ൻമെന്റ് സോണുകൾ. മാസ്ക് ധരിക്കണമെന്നും

കൂട്ടം കൂടുന്നത് ഒഴിവാക്കണമെന്നും കർശന നിർദേശമുണ്ട്. വീടുകളിലെ സന്ദർശനവും പനി സർവൈലൻസും തുടരുകയാണ്. കൂടുതൽ ഐസിയു, ഐസൊലേഷൻ സൗകര്യങ്ങളും സജ്ജമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&

## HEADLINE-4

**TRUMP-BRICS-TARIFF**

ബ്രിക്സിന്റെ അമേരിക്കൻ വിരുദ്ധ നയങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്ന രാജ്യങ്ങൾക്ക് പത്ത് ശതമാനം അധിക തീരുവ ചുമത്തുമെന്ന് യുഎസ് പ്രസിഡന്റ് ഡൊണൾഡ് ട്രംപ്. ബ്രസീലിൽ നടന്ന ബ്രിക്സ് യോഗത്തിൽ അമേരിക്കയുടെ തീരുവ വർദ്ധനയെ അംഗരാജ്യങ്ങൾ അപലപിച്ചതിന് പിന്നാലെയാണ് ട്രംപിന്റെ പ്രസ്താവന.

&&&&&&&&&&&&&&&&

## HEADLINE-5

**PARA ARCHERY-GOLD MEDAL**

ഏഷ്യൻ പാര അമ്പെയ്ത്ത് ചാമ്പ്യൻഷിപ്പിൽ ലോക ഒന്നാം നമ്പർ താരം ഇന്ത്യയുടെ ഹർവീന്ദര് സിങ്ങിന് ഇരട്ട സ്വർണം. ഇതോടെ ഇന്ത്യ മെഡൽ പട്ടികയിൽ രണ്ടാമതെത്തി. ചൈനയാണ് ഒന്നാമത്. വനിതകളുടെ കോമ്പൗണ്ട് ഇനത്തിൽ ഇന്ത്യയുടെ ശീതൾ ദേവി, ജ്യോതി എന്നിവരും സ്വർണം നേടി. ഇന്ത്യ മൂന്ന് വീതം സ്വർണവും വെള്ളിയും വെങ്കലവുമാണ് സ്വന്തമാക്കിയത്.

&&&&&&&&&&&&&&&&

**WIMBLEDON**

വിംബിൾഡൺ ടെന്നിസ് പുരുഷന്മാരുടെ മിക്സഡ് ഡബിൾസിൽ ഇന്ത്യയുടെ യുകി ഭാംബ്രി – റോബർട്ട് ഗാലോവി സഖ്യം ഇന്നിറങ്ങും. ഇന്നലെ നടന്ന മിക്സഡ് ഡബിൾസിൽ ഭാംബ്രി- സിയാങ് സിൻസു സഖ്യം ചൈനീസ് സഖ്യത്തോട് പരാജയപ്പെട്ടു. അതേസമയം കാർലോസ് അൽക്കാരസ്, അരീന സെബലങ്ക എന്നിവർ ക്വാട്ടർഫൈനലിൽ പ്രവേശിച്ചു.

&&&&&&&&&&&&&&&&

## CRICKET-IND ENG

ബർമിംഗ്ഹാമിലെ എഡ്ജ്ബാസ്റ്റണിൽ നടന്ന ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ആതിഥേയരായ ഇംഗ്ലണ്ടിനെ 336 റൺസിന് പരാജയപ്പെടുത്തിയ ഇന്ത്യ ചരിത്ര വിജയം നേടി. ഇതോടെ പരമ്പര 1-1 ന് സമനിലയിലായി. ലോഡ്സിലാണ് മൂന്നാം ടെസ്റ്റ്.

എഡ്ജ്ബാസ്റ്റണിൽ ഇന്ത്യയുടെ ആദ്യ ടെസ്റ്റ് വിജയമാണിത്. മുമ്പ് എഡ്ജ്ബാസ്റ്റണിൽ കളിച്ച എട്ട് ടെസ്റ്റുകളിൽ ഏഴും ഇന്ത്യ തോറ്റിരുന്നു. 1986-ൽ കളിച്ച ഒരു മത്സരം മാത്രമാണ് ഇന്ത്യയ്ക്ക് സമനിലയിലാക്കാൻ കഴിഞ്ഞിരുന്നത്.

&&&&&&&&&&&&&&&&

## VS

മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദന്റെ ആരോഗ്യനില മാറ്റമില്ലാതെ തുടരുന്നതായി മെഡിക്കൽ ബുള്ളറ്റിൻ. തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിലെ തീവ്ര പരിചരണ വിഭാഗത്തിലാണ് അദ്ദേഹം ചികിത്സയിലുള്ളത്.

&&&&&&&&&&&&&&&&

## WEATHER

സംസ്ഥാനത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ശക്തമായ കാറ്റിനും സാധ്യതയുണ്ട്. കർണാടക തീരത്ത് മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

&&&&&&&&&&&&&&&&

## NAGALAND -RAIN

നാഗാലാൻഡിൽ, ശക്തമായ മഴ തുടരുന്നു. കനത്ത മഴയിൽ വൈദ്യുതാഘാതമേറ്റ് മൂന്ന് പേർ മരിച്ചു. തുടർച്ചയായി പെയ്യുന്ന മഴയിൽ താഴ്ന്ന പ്രദേശങ്ങൾ വെള്ളത്തിനടിയിലായി.

ഒറ്റപ്പെട്ടുപോയവരെ സുരക്ഷിത സ്ഥലങ്ങളിലേക്ക് മാറ്റുന്നതിനുള്ള ശ്രമങ്ങൾ തുടരുകയാണ്.

&&&&&&&&&&&&&&&&

**DELHI-HP-RAIN**

ഡൽഹിയിൽ ഇന്നലെ പുലർച്ചെ മുതൽ തുടർച്ചയായി പെയ്യുന്ന മഴയിൽ റോഡ്, വ്യോമ ഗതാഗതം തടസപ്പെട്ടു. ഡൽഹിയിലും പരിസര പ്രദേശങ്ങളിലും അടുത്ത ദിവസങ്ങളിൽ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. അതെ സമയം, ഹിമാചൽ പ്രദേശിൽ, തെക്കുപടിഞ്ഞാറൻ കാലവർഷത്തെ തുടർന്നുണ്ടായ കനത്ത മഴയും, മണ്ണിടിച്ചിലും, മേഘസ്ഫോടനവും ജന ജീവിതത്തെ സാരമായി ബാധിച്ചു. വ്യാഴാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&

**NATIONAL STRIKE**

വിവിധ തൊഴിലാളി സംഘടനകൾ ആഹ്വാനം ചെയ്ത ദേശീയ പണിമുടക്ക് നാളെ അർധരാത്രി ആരംഭിക്കും. മറ്റന്നാൾ അർധരാത്രി വരെയാണ് പണിമുടക്ക്. മറ്റന്നാൾ രാവിലെ രാജ്ഭവന് മുമ്പിൽ 10,000 പേർ പങ്കെടുക്കുന്ന പ്രതിഷേധ കൂട്ടായ്മ സംയുക്ത ട്രേഡ് യൂണിയൻ സമിതി ജനറൽ കൺവീനർ എളമരം കരീം ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&

**SENSEX+GOLD**

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 62 പോയിന്റ് നഷ്ടത്തിൽ 83,376 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 18 പോയിന്റ് നഷ്ടത്തിൽ 25,448 ലും വ്യാപാരം തുടരുന്നു.

സ്വർണ വില കുറഞ്ഞു. പവന് 400 രൂപ കുറഞ്ഞ് 72,080 രൂപയും ഗ്രാമിന് 9,010 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&

&&&&&&&&&

&&&&&&

&&&&